# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2022

## 16.08.2017 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് പ്രവർത്തനങ്ങൾക്കായി സൗകര്യങ്ങൾ

| | ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ വികസന ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾ ജില്ലാ കളക്ടറേറ്റുകളിൽ എ.ഡി.സി.(അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ ജനറൽ) യുടെയും ഫിനാൻസ് ഓഫീസറുടെയും കാര്യാലയങ്ങൾ മുഖേന നടത്തുന്നതിനാൽ ഈ ഓഫീസുകളിൽ ഇതിനായി ഇപ്പോഴുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നം.86/2017/ധന. തീയതി 04.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ് വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28.07.2017 ന് വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണെന്നും രണ്ടു ശതമാനം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് അനുവദിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ഉയർന്നിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ ഉന്നതതലത്തിൽ പരിശോധിച്ചു വരുകയാണ്. |
| (ബി) | ആസ്തി വികസന ഫണ്ട് കൂടി കളക്ടറേറ്റുകളിലേക്കു മാറ്റാൻ തീരുമാനിച്ചതോടെ ഈ ഓഫീസുകളുടെ അധിക ജോലിഭാരം പരിഗണിച്ച് അതിനനുസരിച്ചുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | |
| (സി) | പല എ.ഡി.സി-ഫിനാൻസ് ഓഫീസുകളിലും വേണ്ടത്ര ജീവനക്കാരും വാഹനങ്ങളും ഇല്ലാത്തതിനാൽ എസ് ഡി എഫ് പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നതും ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ ചെയ്യേണ്ടി വരുന്നതും പരിഗണിച്ച് ഇത്തരം ന്യൂനതകൾ വളരെ പെട്ടെന്ന് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | എം.പി. ഫണ്ടുപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള രണ്ട് ശതമാനം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്കും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**